ഡയബറ്റീസ് ഗവേഷണ കേന്ദ്രം

10(*295) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡയബറ്റീസ് രോഗനിർണ്ണയം ചികിൽസ എന്നിവയ്ക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ പര്യാപ്തമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) പ്രസ്തുത രോഗനിർണ്ണയത്തിനും ആവശ്യമായ ചികിൽസ നൽകുന്നതിനും ഉള്ള സൗകര്യം വിപുലീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി തുടങ്ങിയോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ഡയബറ്റീസ് ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ പ്രസ്തുത കേന്ദ്രം എവിടെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത ഗവേഷണത്തിനായി വിദേശസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഡയബറ്റീസ് ഗവേഷണകേന്ദ്രത്തിൽ രോഗിളെ കിടത്തി ചികിൽസിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എത്ര രോഗികളെ കിടത്തി ചികിൽസക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) ഡയബറ്റീസ് ഗവേഷണകേന്ദ്രത്തിന്റെ ഭരണച്ചുമതല എപ്രകാരം നിയന്ത്രിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഡയബറ്റീസ് ഗവേഷണകേന്ദ്രം എന്ന് മുതൽ പ്രവർത്തന ക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയബറ്റീസ് രോഗ നിർണ്ണയം, ചികിൽസ എന്നിവയ്ക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ പര്യാപ്തമാണ്. എന്നാൽ മറ്റ് ആശുപത്രികളിൽ അപര്യാപ്തത നിലവിലുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) അമേരിക്കയിലെ മയോ ക്ലിനിക്കിന്റെ സഹകരണത്തോടെ ഒരു പ്രമേഹരോഗ ഗവേഷണ വിദ്യാഭ്യാസ പരിശീലനകേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും തുടർന്ന് മയോ ക്ലിനിക്കും കേരള സർക്കാരും ഒരു പ്രാഥമികധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. തുടർന്ന് തിരു-കൊച്ചി ചാരിറ്റബിൾ സൊസൈറ്റിസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്യുകയുംചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകഴിഞ്ഞു. തിരുവനന്തപുരത്ത് പുലയനാർകോട്ട ടി.ബി. സാനിട്ടോറിയം വളപ്പിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വിദേശസഹായം ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഗവേഷണ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിൽസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. എണ്ണം കൃത്യമായി നിശ്ചയിച്ചിട്ടില്ല.

(ജി) കേരള സർക്കാരിനും മയോ ക്ളിനിക്കിനും പ്രാതിനിധ്യമുള്ള സ്വയം ഭരണാവകാശമുള്ള ഗവേണിംഗ് ബോഡിയുടെ നിയന്ത്രണത്തിലായിരിക്കും പ്രസ്തുത കേന്ദ്രം.

(എച്ച്) പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. സ്ഥലം അക്വയർ ചെയ്ത്, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സൗകര്യങ്ങൾ ലഭ്യമാക്കിയാലുടൻ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സമഗ്ര ആരോഗ്യ ഗ്രാമങ്ങൾ ആരംഭിക്കുന്നതിന് നടപടി

11(*296) ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്ര ആരോഗ്യഗ്രാമങ്ങൾ ആരംഭിക്കുന്നതിന് പരിപാടിയുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ആയുർവേദ ഔഷധനിർമ്മിതിക്ക് ജി. എം.പി. സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് കുട്ടികളിൽ മാനസികവൈകല്യങ്ങളും നാഡീരോഗങ്ങളും വർദ്ധിച്ചുവരുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly